

PANAMPILLY MEMORIAL GOVT. COLLEGE
CHALAKUDY
Panampilly
PARAPH
Golden Jubilee Souvenir 2025
50 Years
Golden Jubilee

സുവർണ്ണം പനമ്പിള്ളി @ 50 Years Golden Jubilee

# പൊൻവഴിത്താളം

## ജൂബിലിഗാനം

ചാലക്കുടിപ്പുഴ തഴുകും കുളിർ
ചാരുതയേറും ആതിരക്കാറ്റ്
മലയും പുഴയും സാക്ഷിയായ് നിൽക്കേ
മഹിതമാം ജ്ഞാനത്തിൻ ദീപം കൊളുത്തി
അൻപതു വർഷത്തിൻ പ്രഭയേറി നിൽക്കും
അറിവിൻ കിനാവുകൾ പൂക്കുന്ന മണ്ണ്...
(അറിവിൻ കിനാവുകൾ പൂക്കുന്ന മണ്ണ്...)

ശില്പങ്ങൾ തീർത്തൊരു ചരിത്രമണ്ണ്
അക്ഷരദീപം തെളിഞ്ഞ മണ്ണ്...
പനമ്പിള്ളി നയിച്ചൊരു വിപ്ലവഭൂവിൽ
സുവർണ്ണ ശോഭയായ് വിരിയുന്ന മണ്ണ്
അൻപതിൻ പ്രഭയായ് പടരുന്നു
നമ്മുടെ പനമ്പിള്ളി മഹനീയ മണ്ണ്
(നമ്മുടെ പനമ്പിള്ളി മഹനീയ മണ്ണ്!)

യജ്ഞശാലകൾ അറിവു നൽകിയ
പുരാതന ശാലക്കുടി തൻ പെരുമ...
ചാലക്കുടിപ്പുഴ ഓളങ്ങൾ തല്ലുന്ന
സാംസ്കാരിക തനിമതൻ മഹിമ...
അതിരപ്പിള്ളി തൻ കുളിരാർന്ന മണ്ണ്...
(അതിരപ്പിള്ളി തൻ കുളിരാർന്ന മണ്ണ്...)

മാറ്റത്തിൻ കാഹളമൂതിയുണർത്തുന്നു
കലാലയത്തിൻ ജൂബിലി മേളം
കൈകൾ കോർത്ത് സ്വപ്നങ്ങൾ നെയ്യാം
പനമ്പിള്ളിതൻ നവയുഗ ശില്പികളായ്...
വിശ്വ മഹാപഥം നീളെ പടർത്താം
പനമ്പിള്ളി തൻ കീർത്തിമുദ്രകൾ
(പനമ്പിള്ളി തൻ കീർത്തിമുദ്രകൾ)

ഓരോ ഇടനാഴിയും ഓരോ മൺതരിയും
ഓർമ്മതൻ തന്ത്രികൾ മീട്ടുന്നു സ്നേഹമായ്...
മാറുന്ന കാലത്തിൻ കൈവിളക്കായിടാൻ
മുന്നേറും നാം പനമ്പിള്ളിക്കായ്
(മുന്നേറും നാം പനമ്പിള്ളിക്കായ്)

വരികൾ- ഡോ. ജയകുമാർ എസ്.എസ്.
(മലയാള വിഭാഗം)

# LEAD KINDLY LIGHT



ചാലക്കുടിക്കടുത്ത് കാരിക്കുളത്ത്
01.10.1906-ൽ ജനിച്ച അദ്ദേഹം നിയമവിദഗ്ധൻ
തികഞ്ഞ സാമൂഹ്യബോധമുള്ള
രാഷ്ട്രീയ പ്രവർത്തകൻ, വിദ്യാഭ്യാസ വിചക്ഷണൻ
എന്നീ നിലകളിൽ സമുന്നതമായ
പ്രവർത്തനങ്ങൾ കാഴ്ചവെച്ചു.
ആധുനിക കേരള സമൂഹ നിർമ്മിതിയിൽ
നിർണ്ണായക പങ്ക് വഹിച്ച
ഒരു മഹാന്റെ പേരിൽ സ്ഥാപിതമായ ഈ കലാലയം
അതിൽ അഭിമാനം കൊള്ളുകയും
ആ പേര് അന്വർത്ഥമാക്കുന്ന വിധത്തിൽ
പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനായി
സദാ പ്രതിജ്ഞാബദ്ധവുമാണ്.

**പനമ്പിള്ളി ഗോവിന്ദമേനോൻ**




# VISION

To provide quality higher education to the rural and semi-urban aspirants, especially of the underdeveloped peripheral highland tracts of Chalakudy; a higher education system that also equips the socially and economically under-privileged, to bring about their self-development that would ultimately lead to equitable and sustainable social development.

# MISSION

To impart multi-disciplinary higher education delicately balancing the required intellectual skills with vocational and social skills; to equip the youth to realise the vision of facilitating the growth of responsible citizens with knowledge, wisdom, creativity, life skills and social sensitivity, and to prepare them to contribute in their own way to accelerate the progress of the nation through teaching, learning and extension.



# Editorial




## പനമ്പിള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സ്മരണിക

1975 ൽ സ്ഥാപിതമായ ഈ കലാലയം 2025 ൽ അൻപതാണ്ട് സഫലമായി പൂർത്തീകരിച്ച എന്ന ചരിത്ര നിമിഷത്തിന് സാക്ഷിയാകുന്നു. ഈ അമ്പത് വർഷങ്ങൾ വെറുതെ യാന്ത്രികമായി കൊഴിഞ്ഞു പോവുകയായിരുന്നില്ല. ഓരോ വർഷവും ഒരു പറ്റം വിദ്യാർത്ഥികൾ ഇവിടെ നിന്ന് യാത്ര പറഞ്ഞത് കുറെ അധികം അനുഭവങ്ങൾ ചേർത്ത് നിർത്തിക്കൊണ്ടാണ്. സമയപ്രവാഹത്തിന്റെ ഇഴമുറിയാത്ത കണ്ണികളായി വിളക്കി ചേർക്കപ്പെട്ടു അവരോരുത്തരും. അങ്ങനെ ഓരോ വർഷവും പോയവരും വന്നവരും പനമ്പിള്ളിയുടെ സൗഹൃദ തണൽ ആവോളം ഹൃദയത്തിലേറ്റിയവരാണ്. ആ തുടിപ്പിന് സാക്ഷികളായി ഇവിടുത്തെ ചെടികളും, വൃക്ഷങ്ങളും, പൂക്കളും , ക്ലാസ് മുറികളും, നീളൻ വരാന്തകളും, ഓരോ മണൽത്തരിയും. കടന്ന് പോയ ഓരോ വർഷവും സമ്പന്നമാക്കിയ പനമ്പിള്ളിയെ അടയാളപ്പെടുത്തുക എന്ന ചരിത്ര ദൗത്യം നിറവേറ്റപ്പെടുകയാണിവിടെ.






# Message *from the* Principal

പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്
അതിന്റെ അൻപതാം വാർഷികത്തിന്റെ നിറവിൽ നിൽക്കുമ്പോൾ,
ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാനും നേതൃത്വം നൽകാനും സാധിക്കുന്നത്
എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യവും നിയോഗവുമായാണ് ഞാൻ കരുതുന്നത്.
1975-ൽ വിദ്യയുടെ ഒരു ചെറിയ തിരിനാളമായി തുടങ്ങിയ ഈ കലാലയം,
ഇന്ന് അക്കാദമിക രംഗത്ത് ബഹുദൂരം സഞ്ചരിച്ച് ഒരു വൻമരമായി പടർന്നു പന്തലിച്ചിരിക്കുന്നു.
എന്നെ സംബന്ധിച്ചിടത്തോളം ഈ കലാലയം ഒരു തൊഴിലിടം എന്നതിലുപരി എന്റെ മറ്റൊരു കുടുംബ
മാണ്. കൂടെയുള്ള സഹപ്രവർത്തകർ സഹോദരതുല്യമായ സ്നേഹത്തോടെ കൈകോർക്കുമ്പോൾ,
ഈ കുടുംബത്തിൽ നിന്ന് വിദ്യയുടേയും സംസ്കാരത്തിന്റേയും തേൻ നുകരാൻ എത്തുന്ന
ചിത്രശലഭങ്ങളാണ് ഞങ്ങളുടെ പ്രിയപ്പെട്ട വിദ്യാർത്ഥികൾ. സ്നേഹവും അറിവും പകർന്നുനൽകുന്ന
ഈ പുണ്യസങ്കേതത്തിൽ, സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഒരുമനസ്സോടെ വിജയിപ്പിക്കാൻ സാധിച്ചത്
നമ്മുടെ ഐക്യത്തിന്റെ ഫലമാണ്. ഈ സുവർണ്ണ ജൂബിലി സ്മരണിക കലാലയത്തിന്റെ പ്രൗഢമായ
ചരിത്രത്തെ അടയാളപ്പെടുത്തുന്നതിനൊപ്പം വരുംതലമുറയ്ക്ക് വഴികാട്ടിയാകുന്ന
ഒരു വെളിച്ചമായി മാറട്ടെ എന്ന് ആശംസിക്കുന്നു.
ഇതിനായി പ്രയത്നിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി.

സ്നേഹപൂർവ്വം,
**പ്രൊഫ. (ഡോ.) ഷാജു. കെ. എസ്സ്.**
പ്രിൻസിപ്പൽ



# ഇതു ഞാനാണ്...
# പനമ്പിള്ളി കോളേജ്.

കുറച്ചുനാളായി വിചാരിക്കുന്നു നിങ്ങളോട് എല്ലാവരോടും എന്തെങ്കിലുമൊക്കെ പറയണമെന്ന്... എനിക്ക് സംസാരിക്കുവാൻ നിങ്ങളേ ഉള്ളൂ എന്നതും സത്യം. ആദ്യമേ പറയട്ടേ, നിങ്ങൾ എന്റെ അമ്പതാം ജന്മദിനം ഓർക്കുമെന്നോ ആഘോഷിക്കുമെന്നോ ഒരു വർഷം മുഴുവനുമെടുത്ത് ആഘോഷിക്കുമെന്നോ ഞാൻ കരുതിയില്ലാട്ടോ. ആദ്യമൊക്കെ എനിക്കും എന്തോ ചമ്മൽ ആയിരുന്നു. എന്തിനാ നിങ്ങൾ ഇങ്ങനെയൊക്കെ, പിന്നീട് എപ്പോഴോ, ആരോടും പറഞ്ഞില്ലെങ്കിലും പതുക്കെ പതുക്കെ ഞാനും അത് ആസ്വദിച്ചിരുന്നു. നിങ്ങളുടെ ആദ്യത്തെ ചർച്ച കേട്ടപ്പോൾ ഞാൻ കരുതിയത് ഏതെങ്കിലും ഒരു വലിയ മന്ത്രിയെ പിറന്നാളിന് കൊണ്ടുവന്ന്, എന്റെ ഇല്ലാത്ത മേനികൾ പറഞ്ഞ്, ആ ഒരു ദിവസത്തെ നിങ്ങൾ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രം ഒരു ബഹളമാക്കുമെന്നാണ്... പക്ഷേ ഒന്നും നടന്നില്ല... നിങ്ങൾ ഈ ദിവസം മറന്നുപോയെന്നുപോലും ഞാൻ കരുതി. പക്ഷേ നിങ്ങളുടെ മനസ്സിൽ മറ്റൊന്നായിരുന്നു. ഒരു ദിവസത്തെ പുഷ്പമല്ല ഒരു വർഷത്തെ പൂക്കാലം ആയിരുന്നു നിങ്ങൾ കരുതിവെച്ചത്. അങ്ങനെ 1975 പോലെ 2025 ഉം എന്റെ ജീവിതത്തിൽ മറക്കാനാവാത്തതായി.

നിങ്ങൾ നിങ്ങളുടെ വീട്ടിലെ എല്ലാവരുടെയും ജന്മദിനം കേമമായി ആഘോഷിക്കാറുണ്ടെന്നും അങ്ങനെ കേമമായി ആഘോഷിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കിയത് ഈ കലാലയം ആണെന്നും അപ്പോൾ ആ കലാലയത്തിന്റെ ഈ ജന്മദിനം ആഘോഷിക്കാതെ ഇരിക്കുന്നത് എങ്ങനെയെന്നും അത് എത്ര ആഘോഷിച്ചാലും മതിവരില്ല എന്നും നിങ്ങൾ പറഞ്ഞപ്പോൾ... അതായിരുന്നു എന്റെ നിമിഷം എന്ന് തോന്നി... നിങ്ങളുടെ പുതിയ ഭാഷയിൽ പറഞ്ഞാൽ രോമാഞ്ചിഫിക്കേഷൻ....

ഏറെ സന്തോഷം എന്താണ് വെച്ചാൽ നിങ്ങളെ എല്ലാവരെയും കാണുവാൻ പറ്റി എന്നതുതന്നെ. പഴയകാല വിദ്യാർത്ഥികൾ അധ്യാപകർ ....അയ്യോ വയസ്സ്, സാധാരണ എല്ലാവർക്കും പ്രായമായെന്നും മറ്റും പറഞ്ഞ് പലതും മറക്കുവാനുള്ള ലൈസൻസ് ആണ്. പക്ഷേ ആ മുഖങ്ങൾ എന്നെ നിരന്തരം പലതും ഓർമിപ്പിച്ചുകൊണ്ടിരുന്നു. യൗവനത്തിന്റെ തീക്ഷ്ണതയിൽ ഒരിക്കലും മറക്കില്ല എന്നുകരുതിയ പലതും ഓർത്തെടുക്കുവാൻ സഹായിച്ചതിന് നന്ദി... ഏറ്റവും പുതിയ ആഢംബരങ്ങളും ഉടയാടകളും ഉള്ള എന്നെയേ ഒരുപക്ഷേ നിങ്ങൾ കണ്ടിട്ടുള്ളൂ, പക്ഷേ അതൊന്നുമില്ലാതിരുന്ന ആ പഴയ കാലം ഓർക്കുമ്പോഴൊക്കെ എന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകുന്നുണ്ട്.

എന്നെ ഞാനായി ജനിപ്പിക്കുന്നതിന് ഭൂമിദാനം നൽകിയ കുറേ പാവം മനുഷ്യരും ഉണ്ടായിരുന്നു. അവരെ എന്തോ വെറുതെ കാണുവാൻ തോന്നുന്നു....

ഇതിനിടയിൽ എം.ഒ.യു. എന്ന വലിയ വാക്കുകളൊക്കെ ഞാൻ കേട്ടു.. എന്റെ പിറന്നാൾ ആഘോഷത്തിന് നിങ്ങൾ പല വലിയ മനുഷ്യർക്കും കൊടുത്ത



ക്ഷണക്കത്തുകൾ ആണെന്ന് പെട്ടെന്നു തന്നെ ഞാനത് തിരിച്ചറിഞ്ഞു. ഇതിൽ ഗ്രാമിക വന്നപ്പോൾ ഞാൻ തിരിച്ചറിയുകയായിരുന്നു, എനിക്ക് ചിറകുകൾ ഉണ്ടെന്ന്.... പോട്ടയിൽ ആണെങ്കിലും ഞാൻ ആ ചിറകിലേറി ആദ്യം കുഴിക്കാട്ടുശ്ശേരിയിലേക്ക് ഒന്ന് യാത്ര ചെയ്തു. പുതിയ കാഴ്ചകൾ... അനുഭവങ്ങൾ.. അറിവിന്റെ വാതായനങ്ങൾ എപ്പോഴും തുറന്നു കിടന്നില്ലെങ്കിൽ പിന്നെ വാതായനങ്ങൾ തന്നെ എന്തിനാണ്? എന്റെ പിറന്നാൾ ദിനത്തിന്റെ കേക്ക് എന്നോടൊപ്പം പലപ്പോഴും ഉണ്ടായിരുന്ന ഒരാൾ തന്നെ മുറിക്കണമെന്ന് നിങ്ങൾ നിർബന്ധം പിടിച്ചത് എനിക്കിഷ്ടമായി. പക്ഷേ ആ ദിനം അടുത്തു വന്നപ്പോഴേക്കും... മഴ.. പെരുമഴ.. നിങ്ങൾ ആരും വരില്ലേ എന്നുപോലും ഒരു നിമിഷം തോന്നിയിട്ടുണ്ട്. പ്രളയത്തിന് ആയിരം പേർക്ക് കരുതൽ നൽകിയ നിങ്ങൾക്കാണോ ഇതിത്ര കാര്യം. ആ ദിവസം നല്ലൊരു ഓർമ്മയായി കടന്നുപോകുമ്പോഴും,മഴയെ ശപിച്ചവരോട് ഞാൻ പറയുകയാണ്,മഴയെ പ്രണയിച്ചവരുടെ പിറന്നാൾ ദിനത്തിൽ മഴയ്ക്കു വരാതിരിക്കുവാൻ കഴിയുന്നതെങ്ങനെ? അല്ലെങ്കിലും എന്റെ എല്ലാ പ്രധാന ആഘോഷങ്ങൾക്കും മഴ പലപ്പോഴും അകമ്പടിയായി ഉണ്ടായിരുന്നല്ലോ... എനിക്ക് ഏറ്റവും ഇഷ്ടമുള്ള എന്റെ ഫോട്ടോ ഏതെന്ന് അറിയുമോ, അപ്രതീക്ഷിതമായ മഴയിൽ പൂമുഖത്തിൽ ഓടി വന്നണഞ്ഞ് മഴയെ തലോടുന്ന കുട്ടികൾ.. പശ്ചാത്തലത്തിൽ ചെരിഞ്ഞു വീഴുന്ന മഴത്തുള്ളികൾ... ഈ ഫോട്ടോ കണ്ടു കൊണ്ട് മാത്രം ജോലി ചെയ്യാൻ ഈ സ്ഥലം തെരഞ്ഞെടുത്ത അധ്യാപകരും ഉണ്ട്.

മനസ്സ് സന്തോഷം കൊണ്ട് ഏറ്റവും തുള്ളിച്ചാടിയത് എന്നാണെന്ന് അറിയാമോ? എന്റെ പേരിൽ നിങ്ങൾ ചിത്രരചന മത്സരം നടത്തിയ ദിവസം. വലിയ കുട്ടികളോട് മാത്രം സംസാരിച്ചു ശീലമുള്ള ഞാൻ 600 ഓളം കുഞ്ഞുവാവകളെ കണ്ടപ്പോൾ ആദ്യം ഒന്ന് അമ്പരന്നു. അവരോട് കൊഞ്ചി പറയുവാൻ പഠിച്ച കഥ മറന്നു പോയതിനാൽ ഞാൻ എന്നെ തന്നെ കുറ്റപ്പെടുത്തി കൊണ്ടിരുന്നു. നിമിഷാർദ്ധങ്ങളിൽ മിന്നിമറയുന്ന അവരുടെ അമ്പരപ്പ്.. സങ്കടങ്ങൾ.. സന്തോഷങ്ങൾ.. ഒരിക്കലും തീരാത്ത ഊർജ്ജ പ്രവാഹം... ഇവിടെയുള്ള എല്ലാ ഊഞ്ഞാലുകളിലും പാറിപ്പറക്കുന്ന കുഞ്ഞാറ്റകൾ.. അത് സാകൂതം നോക്കി നിൽക്കുന്ന അച്ഛനും അമ്മയും. പെട്ടെന്ന് അതിലെ ഒരു കുട്ടി അവന്റെ കൂട്ടുകാരനോട് എന്നെ പരിചയപ്പെടുത്തുകയാണ്. "ഡാ.... ഇതാടാ... കോളേജ്.. 'സാഹിത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വിപ്ലവത്തിന്റെയും സമരജ്വാലകൾ കേട്ടു തഴമ്പിച്ച എന്റെ കാതുകളിൽ പ്രായത്തിൽ ഒരുപാട് താഴെയുള്ള ആ കുട്ടി എന്നെ കോളേജ് മുത്തശ്ശൻ എന്നോ കോളേജ് മുത്തശ്ശി എന്നോ വിളിക്കാതിരുന്നപ്പോൾ മനസ്സിൽ തോന്നിയ പരിഭവത്തിന്റെ പേരാണോ തന്ത വൈബ്? അന്നു തമാശ തോന്നിയ മറ്റൊരു കാര്യമുണ്ടായി. മത്സരത്തിൽ പങ്കെടുക്കുവാൻ വന്ന ഒരു കുഞ്ഞു പയ്യൻസ് വന്നപാടെ "എന്റെ ഗ്രാമം" വരയ്ക്കേണ്ടതിനു പകരം ഒരു പൂച്ചയെ വരച്ചു തുടങ്ങി. എന്തു വരയ്ക്കുവാൻ പറഞ്ഞാലും നീ പൂച്ചയെ വരച്ചാൽ മതി എന്ന അവന്റെ അമ്മയുടെ വാക്കുകൾ, അവൻ കടലാസിൽ വരയ്ക്കുമ്പോൾ, അവിടെ നിന്ന മാഷ് ചെറുതല്ലാത്ത രീതിയിൽ ചിരിക്കുകയാണ്... എന്നാൽ ഞാനൊന്നു ചോദിക്കട്ടെ എങ്കിൽ എത്ര തവണയാണ് ഞാൻ ഉറക്കെ ചിരിക്കേണ്ടത്. സുവർണ്ണം പനമ്പിള്ളി എന്ന ലോഗോ ചേർത്ത് നിങ്ങൾ പല പരിപാടികളും നടത്തുമ്പോൾ ആരോ കഴുത്തിൽകെട്ടിക്കൊടുത്ത 50 സ്വർണ്ണ മണികളുമായി ഈ പൂച്ച അതിനിടയിൽ കറങ്ങി നടക്കുന്നതായി എനിക്കും തോന്നിയിട്ടുണ്ട്.

വല്യകുട്ടി ആകുമ്പോൾ തീർച്ചയായും തിരിച്ചു വരുമെന്ന് യാത്രാമൊഴിയും പറഞ്ഞ് ഓരോരുത്തരും പിരിയുമ്പോൾ മനസ്സ് പെട്ടെന്ന് ശൂന്യമായത് പോലെ തോന്നി. ഇപ്പോൾ ചിലപ്പോഴൊക്കെ അങ്ങനെയാണ്, എത്ര ശ്രമിച്ചിട്ടും എനിക്ക് എന്നെ തന്നെ ആശ്വസിപ്പിക്കുവാൻ കഴിയുന്നില്ലല്ലോ... സങ്കടം മനസ്സിലാകാതിരിക്കുവാൻ ആരോടെങ്കിലും ദേഷ്യപ്പെട്ടാലോ എന്ന ബുദ്ധി തോന്നി. അല്ലെങ്കിൽ വേണ്ട ക്ഷുഭിതയൗവനം ഒന്നുമല്ലല്ലോ. 50 വയസ്സായവർ പ്രായത്തിന്റെ പക്വത കാണിക്കണം. ശൂന്യമായ തിരുമുറ്റത്ത് അതിലും ശൂന്യമായ മനസ്സുമായി നിൽക്കുമ്പോൾ പെട്ടെന്ന് എതിരെ വരുന്ന കുട്ടി ചോദിക്കുകയാണ് "എന്താ ഒറ്റയ്ക്ക് നിൽക്കുന്നത്"? ഡിപ്രഷൻ ആണോ ?" വക്കാ... വക്കാ... കാൽപന്തിനെ ജനകീയമാക്കിയ ഗാനം സ്റ്റേഡിയത്തിൽ നിന്നും കേട്ട ദിവസം, ഒട്ടും വയ്യെങ്കിലും എത്രയും പെട്ടെന്ന് അവിടെയെത്താൻ മനസ്സ് നിർബന്ധിച്ച് കൊണ്ടേയിരുന്നു. എത്ര മനോഹരമായാണ് കുട്ടികൾ ആ പാട്ടിനൊപ്പം ചുവടുവെക്കുന്നത്. തികഞ്ഞ പ്രൊഫഷണലിസം.... ഈ 50 വർഷങ്ങളിൽ ആദ്യമായിട്ടല്ലേ, കേരളത്തിലെ വ്യത്യസ്തമായ കോളേജ് ടീമുകളെ അണിനിരത്തി നിങ്ങൾ ഇങ്ങനെ പന്തുകളി മത്സരം നടത്തിയത്. എന്തായാലും എന്റെ ഓർമ്മയിൽ ഇല്ല.

ഫുട്ബോളിനെ ടെലിവിഷനിലേക്ക് പകർ
ത്തുമ്പോൾ ഉള്ള എല്ലാ കെട്ടുകാഴ്ചകളും
നിങ്ങൾ അവിടെ സൃഷ്ടിച്ചു കൊണ്ടേയി
രുന്നു. കളി തുടങ്ങുമ്പോൾ ഫ്രെയിമിനു
ള്ളിലെ ജീവൻ തുടിക്കുന്ന ഗ്രൂപ്പ് ഫോട്ടോ
കൾ, പഠിച്ചു പഠിച്ചു ശരിയായ അനൗൺ
സ്മെന്റുകൾ, അവസാനദിവസം ഫൈന
ലിൽ തോറ്റ ടീം വിജയിച്ച ടീമിന് നൽകിയ
ഗാർഡ് ഓഫ് ഓണർ, അതൊന്നും മന
സ്സിൽ നിന്നും മായുന്നേയില്ല. മഴയും
വെയിലും ഇഴപിരിഞ്ഞ സായാഹ്നത്തിനൊ
ടുവിൽ വിജയികൾ ട്രോഫി ഏറ്റുവാങ്ങു
മ്പോൾ ഇരുവശങ്ങളിലും ഹൃദയഹാരി
യായി വിരിഞ്ഞ മേശപ്പൂക്കൾ... വാസ്തവ
ത്തിൽ പൂത്തിരി കത്തിയത് സ്റ്റേഡിയ
ത്തിൽ ആയിരുന്നില്ല, മനസ്സിലായിരുന്നു.
അപ്പോൾ എന്റെ ഒരു അതിമോഹം
നിങ്ങളോട് പറയുവാൻ തോന്നി.
"സാധിക്കുമെങ്കിൽ അടുത്ത വർഷവും."
കാരണം എനിക്കിപ്പോൾ 50 വർഷങ്ങ
ളുടെ ചെറുപ്പമാണ്.

ഇതുപോലെ അടുത്തവർഷം മാത്രമല്ല,
എല്ലാ വർഷവും ഉണ്ടായിരുന്നെങ്കിൽ
എന്ന് എനിക്ക് തോന്നിയ ഒന്നായിരുന്നു
ഓണാഘോഷം. ആഘോഷങ്ങളുടെ
വരവറിയിച്ച് ലൈബ്രറി കെട്ടിടത്തിന്
മുകളിൽ നിന്നും പാരച്ചൂട്ടിൽ ഇറങ്ങിയത്
30 അടി നീളമുള്ള പൊലിക എന്ന് എഴു
തിയ ബാനർ ആയിരുന്നു. ഓണക്കോടി
ഞൊറിഞ്ഞുടുത്ത് ഓണത്തുമ്പികൾ
അപ്പോഴേക്കും ഊഞ്ഞാലാടുവാൻ
തുടങ്ങി.. കതിരോല തുമ്പുകളിൽ പൈങ്കി
ളികൾ കിന്നാരം പറഞ്ഞു. ഓണനിലങ്ങൾ
ഒരുക്കുവാൻ വേണ്ടി മാത്രം രാത്രിയിൽ
ഉറക്കം ഒഴിച്ച കുട്ടികൾ പറയുകയാണ്,
രാത്രിയിൽ ഈ ക്യാമ്പസിന് വല്ലാത്ത ഒരു
ഭംഗിയാണെന്ന്, ശരിയായിരിക്കും അല്ലേ...
പിറ്റേന്ന് പുലർകാലേ തന്നെ നടുമുറ്റത്ത്
വലിയ പൂക്കളം വിരിഞ്ഞു... ആറടി
ആഴത്തിലെ വൃത്തത്തിനുള്ളിൽ ഓർത്തു
വയ്ക്കാൻ ഒരായിരം രൂപയുടെ ഓണപ്പൂ
ക്കളം... അതുകഴിഞ്ഞപ്പോഴേക്കും
മേളത്തിന്റെ വരവ്... ആർപ്പോ... ഇർറോ...
വിളികളുമായി എല്ലാവരും നൃത്തം വയ്
ക്കുന്നു. അതിന്റെ ഉച്ചസ്ഥായിയിൽ എല്ലാ
വരും മാവേലിയെയും വാമനനെയും
മറന്നുവോ എന്തോ? മലയാളി മങ്കയും
മങ്കനും തുറന്നവേദിയിൽ ചുവടുവെച്ചു
തുടങ്ങി.. ഇത് വേണമായിരുന്നോ എന്ന്
ചിലർക്ക് സന്ദേഹം... വാര്യർ പറഞ്ഞ
പോലെ ഇപ്പോ അവരുടെ കാലമല്ലേ,
നടക്കട്ടെ എന്ന് മറ്റുചിലരും...
16 കൂട്ടം സദ്യക്കു വരാന്തയിൽ എഴു
ന്നൂറ് തൂശനിലകൾ ഒരുങ്ങി. ചോറും
കറികളും രണ്ടുകൂട്ടം പായസവുമായി
അവസാന ഇല വരെയുള്ള ഓണപ്പാച്ചിൽ.
എല്ലാ കുട്ടികളും അധ്യാപകരും ഓഫീസ്
ജീവനക്കാരും ഇങ്ങനെ ഒന്നിച്ചിരുന്ന്
ഏകമനസ്സോടെ ഓണസദ്യ ഉണ്ണുന്നത്
കാണുന്നതിനേക്കാൾ ആനന്ദം നല്കുന്ന
മറ്റൊരു ഓണക്കാഴ്ച ഇല്ല എന്ന് തന്നെ
എനിക്ക് തോന്നി. മനസ്സ് നിറഞ്ഞു തന്നെ
കുട്ടികൾ, ഇനി കഴിക്കുവാൻ വയ്യ എന്നും
പറഞ്ഞ്, പയ്യെ പയ്യെ എണീറ്റു തുടങ്ങി.
സമ്പത്തും ഭൂമിയും പോലെയൊന്നു
മല്ലല്ലോ, ഇവിടെ വയറു നിറഞ്ഞാൽ 'മതി'
എന്ന് തന്നെ എല്ലാവർക്കും പറയേണ്ടി
വരും. അതുകൊണ്ടാണല്ലോ പഴയ ആളു
കൾ അന്നദാനം പുണ്യമാണെന്നൊക്കെ
പറയുന്നത്. അങ്ങനെ വിശ്വസിക്കുന്ന
ഏതോ ഒരു സ്പോൺസർ ആയിരിക്കും
എല്ലാവർഷവും പാചകന്റെ കടയിൽ,
നമുക്ക് വർഷത്തിൽ ഏതോ ഒരു ദിവസം,
പണം ഒന്നും കൊടുക്കാതെ തന്നെ എന്തും
കഴിക്കുവാനുള്ള സ്വാതന്ത്ര്യം തരുന്നത്.
ഭക്ഷണം കഴിച്ചതിന്റെ ആലസ്യത്തിന്
സമയം ഓണപ്പാട്ടും പാടി പോയി. ഇൻസ്റ്റ
യിൽ വൺ മില്ല്യൺ വ്യൂസ് സൃഷ്ടിച്ച
ഉറിയടി, ഫോട്ടോ ഫിനിഷിൽ 10 സെക്കൻ
ഡിൽ തീരുമ്പോൾ ഒന്നാം നിലയിലെ
വരാന്തയിലെ കാണികൾ ആർമാദത്തിന്റെ
പത്താം നിലയിൽ എന്നപോലെ കാണ
പ്പെട്ടു. പെട്ടെന്ന് തെക്കോട്ടിറക്കം നടത്തി
കുട്ടികൾ സ്റ്റേഡിയത്തിലേക്ക് പാഞ്ഞു.
വിട്ടുകൊടുക്കില്ലെന്ന വാശിയുമായി നടന്ന
വടംവലി മത്സരം വിസിൽ മുഴങ്ങുന്നതോ



ഴേക്കും കാവിലെ പാട്ടുമത്സരത്തിനുള്ള
തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞിരുന്നു.
ഇങ്ങനെയൊരു ദിവസത്തിന് ഞാനെന്നും
നിങ്ങളോട് കടപ്പെട്ടിരിക്കും. എന്നെപ്പോലെ
മറ്റാർക്ക് ഇതിൽ കൂടുതലൊന്നും പ്രതീ
ക്ഷിക്കുവാൻ ഇല്ല.. ആനന്ദലബ്ധിക്കിനി
എന്ത് വേണം എന്ന് കവി ചോദിച്ചതു
പോലെ എന്റെ സന്തോഷത്തിന് നിങ്ങൾ
എടുക്കുന്ന ത്യാഗം നിറഞ്ഞ കണ്ണു
കളിൽ എല്ലാം കാണുന്നുണ്ട്. നന്ദി..
ഒരായിരം നന്ദി..
നിങ്ങളുടെ മികച്ച ഒരു പ്രോഗ്രാമായിരുന്നു
'മൊഴി' എന്ന പേരിൽ നടത്തിയ പ്രസംഗ
മത്സരം. ഇതിന് വിവിധ ജില്ലകളിൽ
നിന്നും കുട്ടികളൊക്കെ വന്നതിൽ വലിയ
സന്തോഷം തോന്നി. വിധിനിർണയത്തിന്
പഴയകാല അധ്യാപകരെ കണ്ടത് അതിലും
വലിയ സന്തോഷം.
പൊതുവിജ്ഞാനത്തിലും വാണിജ്യ- ഗണിത
ശാസ്ത്ര പ്രശ്നോത്തരി എന്നിങ്ങനെ
മൂന്നു മത്സരങ്ങളിലും നിങ്ങൾ ഇതേ രീതി
യിൽ വിവിധ ജില്ലകളിൽ നിന്നും കുട്ടി
കളെ ഇവിടെ എത്തിച്ചു. നമ്മുടെ പൂർവ്വ
വിദ്യാർത്ഥി തന്നെ പൊതുവിജ്ഞാന ക്വിസ്
നയിച്ചത് കണ്ടപ്പോൾ വലിയ സന്തോഷം
തോന്നി.
അമ്പതാം വർഷത്തിലെ 50 ജൂബിലി
ലക്ചർ സീരീസുകൾ വാസ്തവത്തിൽ
പല പ്രമുഖ വ്യക്തികളെയും പരിചയ
പ്പെടാനുള്ള ഒരു അപൂർവ്വ അവസരം
ആയിരുന്നു. അന്തർദേശീയ ശില്പശാല
കൾ, ഇംഗ്ലീഷ് വകുപ്പിന്റെ സെമിനാറുകൾ,
മറ്റു സെമിനാറുകൾ എന്നിവയെല്ലാം
ഇവിടെ സൃഷ്ടിച്ച വല്ലാത്തൊരു അക്കാദ
മിക് ആംബിയൻസ് ഉണ്ട്..മനസ്സ് നിറഞ്ഞു
കവിയുന്നു.
അസോസിയേഷൻ ഉദ്ഘാടനങ്ങൾ
ഓരോന്നും പ്രശസ്തരായ പൂർവാധ്യാപകർ
ക്കുള്ള ആദരവായി മാറി. ഈ സുവർണ്ണ
ജൂബിലി വർഷത്തിലെ ഏറ്റവും പ്രൗഢ്
ആയ മറ്റൊരു നിമിഷം ഉണ്ടായി. അഞ്ചു
വർഷം ഈ കലാലയത്തിൽ പഠിച്ച ഒരു
വിദ്യാർത്ഥിനി, സർക്കാർ സർവീസിൽ



അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമനം നേടുകയും, ആ വിദ്യാർത്ഥിനി അസോസിയേഷൻ ഉദ്ഘാടനം നിർവഹിക്കുവാൻ എത്തുമ്പോൾ ഉണ്ടായ ചാരിതാർത്ഥ്യം... അത് നിങ്ങൾക്ക് എവർക്കും മനസ്സിലാകും എന്നുതന്നെ ഞാൻ കരുതുന്നു. പഠിക്കുന്ന കാലത്ത് ഒരു ദിവസം പോലും മുടങ്ങാത്ത വിദ്യാർത്ഥിനിയായതിനാൽ ഈ മുഖം അത്രയ്ക്കും സുപരിചിതമാണ് എനിക്ക്. ശരിക്കും പറഞ്ഞാൽ എന്റെ അയൽപക്കത്തെ കുട്ടി...

സുവർണ്ണ ജൂബിലി സ്മാരകമായി പതിപ്പായി കോളേജ് ജേണൽ സർക്കാർ സാമ്പത്തിക സഹായത്തോടെ ഇറക്കുവാനായി നിങ്ങൾ എടുത്ത ശ്രമത്തിന് Hats off.. ഇന്റർനാഷണൽ എക്സ്പെർട്ട്സ് അടങ്ങുന്ന എഡിറ്റോറിയൽ ബോർഡ് ഇതിനെ മറ്റൊരു തലത്തിലേക്ക് എത്തിക്കും എന്ന് തന്നെ കരുതുന്നു.

കൗതുക പാർക്കിലേക്ക് കൗതുകയാത്ര നടത്തിയ കുട്ടികൾക്ക് കണക്കിലെ കൗതുകവും കൂടി അറിയണമെന്ന് നിർബന്ധം. അമ്പതാം വർഷത്തിൽ അങ്ങനെ 50 കുട്ടികൾ പഴയ അമ്പതാം നമ്പർ കണക്ക് ക്ലാസ്സ് മുറിയിൽ ഇരുന്നു. കാപ്രക്കാരോടൊപ്പം യാത്ര ചെയ്ത് 7പാലങ്ങളിലൂടെ ഒരുതവണ മാത്രം യാത്ര ചെയ്ത്, പ്രീഗൽ നദി മുറിച്ചു കടക്കേണ്ടത് എങ്ങനെയെന്ന സമസ്യയിൽ അകപ്പെട്ടു. പുഴയുടെ ഒഴുക്ക് പോലെ തന്നെ കുളത്തിന്റെ നിശ്ചലതയും ആസ്വദിക്കുവാൻ അവർ പച്ചത്തുരുത്തിലൂടെ യാത്ര ചെയ്യുമ്പോൾ എനിക്ക് അവരോട് പറയണമെന്നുണ്ടായിരുന്നു, ഈ സുവർണ്ണ ജൂബിലി വർഷത്തിൽ ഒരു യാദൃച്ഛികത എന്നോണം സംസ്ഥാനത്തിൽ പുരസ്കാരത്തിന് അർഹമായ പച്ചതുരുത്താണിതെന്ന്. തള്ളി മറിക്കൽ എന്നൊക്കെ പറയുന്ന പുതിയകാലത്ത് കുട്ടികൾ കളിയാക്കുമോ എന്നൊരു പേടിയാൽ ഒന്നും പറഞ്ഞില്ല. മാത്രവുമല്ല, പറയുകയാണെങ്കിൽ കുറേ പറയേണ്ടി വരും... മാവിൻ തോട്ടങ്ങളെ പറ്റി... ഔഷധസസ്യങ്ങളെ പറ്റി... ആയിരത്തോളം പല വൃക്ഷങ്ങളെപ്പറ്റി... ശലഭോദ്യാനങ്ങളെ പറ്റി... അതിലുമൊക്കെ ഉപരിയായി ഇതൊക്കെ സൃഷ്ടിച്ചെടുത്ത കുറേ പച്ച മനുഷ്യരെപ്പറ്റിയും. ഞാൻ ഈ ദിവസത്തെ ഒരു ഓപ്പൺ ഡേ ആയി കാണുവാൻ ഇഷ്ടപ്പെടുന്നു.

തുള്ളൽ സാഹിത്യകൃതികൾ പോലെയുള്ള പഴയകാല ഗ്രന്ഥങ്ങൾ ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ച് നിങ്ങളും നിങ്ങളുടെ പ്രയത്നവും നൂറ്റിലിൽ അമരത്വം കൈ വരിച്ചു. കാലത്തിന്റെ പുതിയ രീതികൾ മനസ്സിലാക്കിയും പഠിച്ചും പരീക്ഷിച്ചും പ്രയോഗിച്ചും നിങ്ങൾ മഹദ്ഗ്രന്ഥങ്ങളെ വരുംകാലത്ത് തലമുറയ്ക്ക് ഒരുക്കി വച്ചതിന് അഭിനന്ദനങ്ങൾ ....

ആത്മാവിന്റെ പുസ്തകത്താളിൽ ഒളിപ്പിച്ചുവെച്ച മയിൽപീലിത്തുണ്ടുകൾ പെറ്റു പെരുകി കൊണ്ടേയിരുന്നു... കളർ ഫെസ്റ്റിൽ, Blood Donation Camp, Medical Camp, നാട്ടരങ്ങ്, കാരിറിന്, യോഗ ക്ലബ് ദിനാചരണങ്ങൾ, Alumni Day, അധ്യാപക രക്ഷാകർതൃ സംഗമം, പുസ്തക പ്രകാശനങ്ങൾ, Civil Service Initiations, കുട്ടികൾ തന്നെ നേതൃത്വം നൽകിയ School of Competitive Exams, Campus Placement Drives, നാടകക്കളരി, കവിയരങ്ങ്, കൃഷിക്കൂട്ടം, Nature Park and Gardening, ശുചിത്വ പ്രവർത്തനങ്ങൾ, Nature Camp, തണ്ണീർത്തട ദിനാചരണങ്ങൾ, നിയമവേദി, ജീവതി പ്രവർത്തനങ്ങൾ, PTA and FYUGP Merit Day, വായനക്കളരി, അർണോസ് പാതിരി വിദ്യാപീഠം ഉദ്ഘാടനം, കട്ടനും പാട്ടും, അനുസ്മരണ പ്രഭാഷണങ്ങൾ, തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഇംഗ്ലീഷ് ക്ലബ് ഉദ്ഘാടനം, അങ്ങനെ.. അങ്ങനെ.... ഓർമകളിൽ ജീവൻ ഉണ്ടെങ്കിലും കടലാസിലേക്ക് പകർത്തുമ്പോൾ ചിലതെല്ലാം വഴുതി പോകുന്ന പോലെ... പക്ഷേ, സർവ്വം സുവർണ്ണം...

ശലഭങ്ങളാണ് നിങ്ങൾ ഇതിനൊക്കെ വേണ്ടി പൊടിച്ചു കളഞ്ഞത്. ഇതൊക്കെ അർഹിക്കുവാനുള്ള എന്തു മഹത്വമാണ് എനിക്കുള്ളതെന്ന് ഇപ്പോഴും അറിയില്ല. അർഹിക്കുന്നത് നൽകുന്നതാണ് നീതി. അതിനപ്പുറം നൽകുന്നത് കരുണ. നിങ്ങൾ എന്നോട് കരുണ കാണിക്കുകയായിരുന്നു. ഇതിനെല്ലാം സമാപന ദിവസമെങ്കിലും എന്തെങ്കിലും ഒരു സമ്മാനം നിങ്ങൾക്ക് നൽകണമെന്ന് എനിക്ക് ചെറിയൊരു ആഗ്രഹമുണ്ട്.

ആഘോഷങ്ങളുടെ ഉദ്ഘാടന ദിവസം, സ്വാഗത ഗാനത്തിനു പകരം, സ്വാഗതം നൃത്തം കണ്ടു മതിമറന്ന് ആസ്വദിച്ചത്, മന്ത്രി മാത്രമല്ല ഞാനും കൂടിയായിരുന്നു. ഇതുപോലെ സമാപനത്തിലും നിങ്ങളെ ന്തെങ്കിലും ട്വിസ്റ്റ് ഒളിപ്പിച്ചു വെച്ചിട്ടുണ്ടോ? ആരായിരിക്കും അന്ന് വരിക? നിങ്ങളെല്ലാവരും അന്ന് ഉണ്ടാവില്ലേ? ഇപ്പോൾ ഇതുപോലെ ചറപറ പറയുന്ന പോലെ അന്നും എനിക്ക് നിങ്ങളോട് സംസാരിക്കണം. നാലാളുടെ മുന്നിൽ വച്ച് എനിക്ക് നിങ്ങളെ പറ്റി പറയണം. ഉം.... ഇപ്പോൾ തന്നെ എല്ലാവർക്കും ബോറടിച്ചു തുടങ്ങിയല്ലേ? എനിക്കറിയാം ഞാൻ പറയുന്നതൊക്കെ പൈങ്കിളി ആണെന്നും. പക്ഷേ ഒന്നുമാത്രം ഞാൻ ഹൃദയം തൊട്ടു പറയുന്നു, എനിക്ക് നിങ്ങളെ സ്നേഹിക്കാതിരിക്കാൻ ആവില്ല..

ഇതു പറയുമ്പോൾ എന്തുകൊണ്ടോ എന്റെ കണ്ണുകൾ ഈറനാകുന്നു ...... വാക്കുകൾ മുറിയുന്നു...

ഹൃദയപൂർവം,
സ്വന്തം.....



# സുവർണ്ണത്തുടക്കം

50 Years Golden Jubilee



2023 ജനുവരി 3 ന്
സുവർണ്ണ ജൂബിലി ആഘോഷങ്ങൾ
ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി
ഡോ. ആർ. ബിന്ദു
ഉദ്ഘാടനം ചെയ്യുന്നു















# 50th Foundation Day

## 27 JUNE 2025














# INTERNATIONAL AND NATIONAL SEMINARS

## Department of Political Science







## Department of Malayalam







## Department of English





## Department of Commerce





# GOLDEN LECTURES

## *Economics*













## *Physics*

## *Commerce*






## *Political Science*








## *Mathematics*





## Workshop on Digitalisation of Malayalam Literature



## *Malayalam*





# MEMORANDUM OF UNDERSTANDING (MOU)

MOU with IHRD by Commerce



MOU with NIMIT by Economics



Indian Institue of Public Administration & Survey Research Centre Tvm by Politics






Gramika Kuzhikkattussery, Mala & PG Department of Malayalam



Christ College Irinjalakuda & Department of Physical Education




Arnos Pathiri Chair - Department of Malayalam and Arnos Pathiri Study Centre



SH College Chalakudy & Department of English



# പനമ്പിള്ളി പെരുമ



ദീർഘവീക്ഷണമുള്ള നേതാവും കേരള ചരിത്ര ശില്പികളിൽ പ്രധാനിയും മുൻ കേന്ദ്ര മന്ത്രിയുമായിരുന്ന ശ്രീ പനമ്പിള്ളി ഗോവിന്ദമേനോന്റെ പേരിൽ ചാലക്കുടിയിൽ നിലകൊള്ളുന്ന പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് പഠനത്തിന്റെയും പ്രബുദ്ധതയുടെയും സാമൂഹിക പരിവർത്തനത്തിന്റെയും ഒരു ദീപസ്തംഭമായി പരിലസിക്കുവാൻ തുടങ്ങിയിട്ട് 50 വർഷങ്ങൾ പൂർത്തിയായി. 1975ൽ സ്ഥാപിക്കപ്പെട്ട ഈ സ്ഥാപനം ചാലക്കുടിയിലെ ഗ്രാമീണവും അവികസിതവും ആയുള്ള പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് അക്കാദമിക് രംഗങ്ങളിൽ ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തി. കാലിക്കറ്റ് സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത ഒരു ജൂനിയർ സ്ഥാപനമായി ആരംഭിച്ച പനമ്പിള്ളി കോളേജ് തുടക്കത്തിൽ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിൽ നിന്നായിരുന്നു പ്രവർത്തനമാരംഭിച്ചത്. മുഖ്യമന്ത്രി അച്യുതമേനോൻ ഔപചാരികമായിട്ടുള്ള ഉദ്ഘാടനം നടത്തി.1976 ൽ കേരള സർക്കാർ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് എന്ന പേര് ഔദ്യോഗികമായി നൽകി. വരും തലമുറകൾക്കായി സ്ഥിരമായ ഒരു കലാലയം ആരംഭിക്കാനായി സർക്കാർ 25 ഏക്കർ സ്ഥലം അനുവദിച്ചു നല്കിയത് ചരിത്ര വഴികളിൽ വലിയൊരു നേട്ടമാണ്.

1979 ലാണ് ബി കോം പ്രോഗ്രാം ആരംഭിച്ചുകൊണ്ട് പനമ്പിള്ളി അതിന്റെ അക്കാദമിക യാത്ര തുടങ്ങിയത്. 1985 ബി എ ഇക്കണോമിക്സ് ആരംഭിച്ചു. കെ. കരുണാകരൻ ഉദ്ഘാടനം നിർവഹിച്ച സ്ഥിരമായ ക്യാമ്പസ് 1986 ൽ പ്രവർത്തനമാരംഭിച്ചു. താൽക്കാലിക സ്ഥാനത്തുനിന്നും സ്ഥിരമായ അക്കാദമിക് അന്തരീക്ഷത്തിലേക്കുള്ള മാറ്റം കോളേജിന്റെ വിദ്യാഭ്യാസ ദർശനത്തിനും ഭൗതിക വളർച്ചയ്ക്കും പ്രചോദനം നൽകി. 1990 കളുടെ അവസാനത്തോടെ ബി.എസ്സി മാത്തമാറ്റിക്സ്, എം എ ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് തുടങ്ങിയ പ്രോഗ്രാമുകൾ ആരംഭിച്ചത് അക്കാദമിക് ഘടനയെ കൂടുതൽ ശക്തിപ്പെടുത്തി. രണ്ടായിരാമാണ്ടിൽ രജത ജൂബിലി ആഘോഷിച്ച പനമ്പിള്ളി കോളേജിന് 25 വർഷത്തെ സമർപ്പിത സേവനത്തെ തുടർന്ന് 2001 ൽ ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനവും പുതിയ ലൈബ്രറി ബ്ലോക്കിന്റെ ഉദ്ഘാടനവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സാധ്യമായി. 2003 യുജിസി നിയമത്തിലെ സെക്ഷൻ 2(എഫ്), 12 (ബി)പ്രകാരമുള്ള അംഗീകാരം ലഭിച്ചതിനെ തുടർന്ന് കോളേജിന് ലഭിച്ച കേന്ദ്രസഹായം അക്കാദമിക് അടിസ്ഥാന സൗകര്യ വികസനത്തിന് വഴിയൊരുക്കി. പിന്നീടുള്ള നാളുകളിൽ അക്കാദമിക് വികസന ചരിത്രത്തിൽ ത്വരിതഗതിയിൽ ഉള്ള പുരോഗതിയ്ക്കാണ് കോളേജ് സാക്ഷ്യം വഹിച്ചത്. 2006 ൽ വിദ്യാർത്ഥികൾക്കുള്ള ബിരുദാനന്തര ബിരുദാവസരങ്ങൾ വിപുലമാക്കുന്ന ഒരു പുതിയ അക്കാദമിക് ബ്ലോക്ക്, എം.കോം പ്രോഗ്രാം എന്നിവ ആരംഭിച്ചു. 2007 നും 2009 നും ഇടയിൽ കാന്റീനും ആധുനിക


ഭാഷ ലാബോറട്ടറിയും, പുതുതായി നിർമ്മിച്ച മുൻവശത്തെ മതിലും ഗേറ്റും ബാസ്കറ്റ് ബോൾ കോർട്ടും രൂപീകരിക്കപ്പെട്ടത് ക്യാമ്പസിന് പുതുജീവൻ നൽകി. 2008 കോളേജിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC)വന്നതോടെ കലാലയത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനായി ഘടനാപരവും നിരന്തരവുമായ വികസന സമീപനങ്ങൾ സ്വീകരിക്കപ്പെട്ടു. 2009 NAAC സന്ദർശനം കലാലയത്തിന് നാല് പോയിന്റ് സ്കെയിൽ ബി ഗ്രേഡ് നൽകി അംഗീകരിച്ചു. ഇത് കോളേജിലെ അക്കാദമിക പ്രതിബദ്ധത, നേതൃത്വം, ഉയർന്ന മികവ് എന്നിവയ്ക്കുള്ള അംഗീകാരമായി. തുടർ വർഷങ്ങളിൽ കൂടുതൽ ഊർജ്ജസ്വലമായി കോളേജ് പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചു. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഒരു വനിതാ ഹോസ്റ്റൽ 2011 ൽ പ്രവർത്തനക്ഷമമായി സ്ത്രീ വിദ്യാർത്ഥികൾക്ക് സുരക്ഷിതത്വവും ആധുനികവുമായ താമസസൗകര്യം ഉറപ്പാക്കി. 2016 യുജിസി പ്ലാൻ XII പ്രകാരം തുല്യ അവസരങ്ങളും പരിഹാര പഠനവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രോഗ്രാമുകൾക്കൊപ്പം നെറ്റ് സെറ്റ് മത്സരപരീക്ഷകൾക്കുള്ള പരിശീലനം എന്നിവയെ ഉൾപ്പെടെ നിരവധി അക്കാദമിക് സംരംഭങ്ങൾ കോളേജ് തുടങ്ങിവച്ചു. ഇതേ വർഷം തന്നെ കളി സ്ഥലവും ഇൻഡോർ സ്റ്റേഡിയവും ഔട്ട് ഡോർ സ്റ്റേഡിയവും ഉൾപ്പെടെ കായികവികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി ആരംഭിച്ചത് കോളേജിന്റെ അത്ലറ്റിക് മികവിന് മുതൽക്കൂട്ടായി. ഗണിതത്തിലും സസ്യശാസ്ത്രത്തിലും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചുകൊണ്ട് അക്കാദമിക് വികസന പാതയിൽ പനമ്പിള്ളി വീണ്ടും മുന്നോട്ടു ചരിച്ചു. സ്കോളർ സപ്പോർട്ട് പ്രോഗ്രാം, വാക്ക് വിത്ത് എ സ്കോളർ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം തുടങ്ങിയ സംസ്ഥാന പിന്തുണയുള്ള സംരംഭങ്ങൾ വ്യക്തിഗത മെന്ററിങ്, വിപുലമായ മാർഗനിർദ്ദേശം, തൊഴിൽ നൈപുണ്യ വികസനം എന്നിവ വാഗ്ദാനം ചെയ്തത് കുട്ടികളുടെ ജീവിതത്തിനും നേട്ടമായി. ഇക്കാലയളവിൽ കലാലയത്തിലെ ജോലിക്കാർക്കും അധ്യാപകർക്കും ക്വാട്ടേഴ്സിനുള്ള ഭരണപരമായ അനുമതി ലഭിച്ചത് അടിസ്ഥാന സൗകര്യങ്ങളെ ശക്തിപ്പെടുത്തി. 2013 വർഷം ക്യാമ്പസ് മുഴുവൻ ലാൻ സ്ഥാപിക്കപ്പെടുകയും ഡിജിറ്റൽ കണക്ടിവിറ്റി മെച്ചപ്പെടുത്തുകയും ഉണ്ടായി. അതേ സമയം തന്നെ ഓഡിറ്റോറിയം കോമ്പൗണ്ട് മതിൽ എന്നിവയും നവീകരിച്ചുകൊണ്ട് സൗകര്യങ്ങളെ മെച്ചപ്പെടുത്തി. സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. പുനർ രൂപകല്പന ചെയ്ത കോളേജ് വെബ്സൈറ്റ് ഡിജിറ്റൽ പ്രവേശനക്ഷമത വർദ്ധിപ്പിച്ചു. യൂണിവേഴ്സിറ്റി ടോപ്പർമാർ, എൻഎസ്എസ് അംഗീകാരങ്ങൾ, വർദ്ധിച്ച ഗവേഷണ ഫലങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അക്കാദമിക് അംഗീകാരങ്ങൾ ഈ മെച്ചപ്പെടുത്തലുകൾക്ക് അനുബന്ധമായി ലഭിച്ചു. മൊത്തത്തിൽ ഈ വികസനങ്ങൾ അക്കാദമിക് മികവ്, വിദ്യാർത്ഥി ക്ഷേമം, ആധുനികവൽക്കരണം എന്നിവയോടുള്ള സ്ഥാപനത്തിന്റെ ഉറച്ച പ്രതിബദ്ധത പ്രകടമാക്കി. കലാലയം അതിന്റെ അക്കാദമിക് ചക്രവാളം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഗവേഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 2015 റിസർച്ച് സെന്ററിൽ ഇക്കണോമിക്സ് സ്ഥാപിതമായതോടെ സജീവ ഗവേഷണ പ്രവർത്തനങ്ങളിലേക്കുള്ള പ്രവേശനം അതുറപ്പാക്കി. തുടർന്ന് 2018 ൽ ബിഎസ്സി ഫിസിക്സ്, എം എ മലയാളവും കോഴ്സുകൾ ആരംഭിച്ചു. ഇത് ബിരുദ ബിരുദാനന്തര വിദ്യാഭ്യാസത്തെ കൂടുതൽ മെച്ചപ്പെടുത്തി. 2020 ൽ റിസർച്ച് സെന്റർ ഇൻ കൊമേഴ്സ് സ്ഥാപിതമായതും ഗവേഷണ സാധ്യതകൾ വർധിപ്പിച്ചു. 2022ൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ലേഡീസ് ഹോസ്റ്റലിന്റെയും ഉദ്ഘാടനം നിർവഹണത്തിനും വിദ്യാർത്ഥികളുടെ താമസത്തിനും ഇടങ്ങൾ നൽകി. 2023 മലയാളം, ഗണിതം, സസ്യശാസ്ത്രം എന്നിവയിലും ഗവേഷണ കേന്ദ്രങ്ങൾ ആരംഭിച്ചു കൊണ്ട് കോളേജ് അക്കാദമികമായ ഔന്നിത്യത്തിലേക്ക് പ്രവേശിക്കുകയും ഒരു ബഹുമുഖ ഗവേഷണ കേന്ദ്രമായി പനമ്പിള്ളി അടയാളപ്പെടുകയും ചെയ്തു. ഇന്ന് പനമ്പിള്ളി കോളേജ് 5 വിഷയങ്ങളിൽ ബിരുദ പ്രോഗ്രാമുകളും 5 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും, ഗവേഷണ അവസരങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് സമഗ്ര വളർച്ചയെത്തിയ സ്ഥാപനമായി നിലകൊള്ളുന്നു. പനമ്പിള്ളിയുടെ 25 ഏക്കർ വിശാലമായ ക്യാമ്പസിൽ ഡിജിറ്റൽ ക്ലാസ് മുറികൾ ,സെമിനാർ ഹാളുകൾ, പൂർണ്ണമായും സജ്ജീകരിച്ച ലബോറട്ടറികൾ, അത്യാധുനിക ഇൻഫ്ലിബ്നെറ്റ്, അതിവേഗ ഇന്റർനെറ്റ് സൗകര്യങ്ങൾ, എഡ്യൂസാറ്റ് സൗകര്യങ്ങൾ,ഒരു സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനൽ ഒരു ലൈബ്രറി സമുച്ചയങ്ങൾ ഒരു കാന്റീൻ, ഓഡിറ്റോറിയം, സയൻസ് ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുണ്ട്. ഇതെല്ലാം സമഗ്ര പഠനത്തെ പിന്തുണച്ച് ഒരു ഗുണപരമായ അക്കാദമിക് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നു. അക്കാദമിക് നേട്ടങ്ങൾക്കപ്പുറത്തേക്ക് കോളേജിന്റെ സാംസ്കാരിക പ്രവർത്തനങ്ങളും ഊർജ്ജസ്വലമായി മുന്നേറുന്നു. യൂണിവേഴ്സിറ്റി യുവജനോത്സവ വേദികളിലെ സ്ഥിരമായ നേട്ടങ്ങൾ, ചലനാത്മകമായ ഒരു വിദ്യാർത്ഥി സമൂഹത്തിന്റെ കാഴ്ചയാണ് സമ്മാനിക്കുന്നത്. ഔഷധസസ്യങ്ങളുടെ പരിപാലനവും, ദരിദ്രർക്കുള്ള കമ്യൂണിറ്റി പിന്തുണ ദൗത്യങ്ങൾ ഉൾപ്പെടെയുള്ള ഔട്ട് റീച്ച് പ്രോഗ്രാമുകൾ, പരിസ്ഥിതി സംരംഭങ്ങൾ, സാമൂഹിക ഇടപെടലുകൾ ഇവയിലെല്ലാം ആവേശകരമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾ പനമ്പിള്ളിയുടെ ഊർജ്ജം ആണ്. അധ്യാപനത്തിലും ഗവേഷണത്തിലും ആഴത്തിൽ പ്രതിജ്ഞാബദ്ധരായ അധ്യാപകർ, പ്രസിദ്ധീകരണങ്ങൾ, അക്കാദമിക് സഹകരണങ്ങൾ, സർവ്വകലാശാല തലത്തിലുള്ള സ്ഥാപനങ്ങളിലെ സജീവ നേതൃത്വം എന്നിവയിൽ അർത്ഥവത്തായ സംഭാവനകൾ നൽകാൻ കോളേജിന് സാധ്യമായിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പൗരാധികാരികളും വ്യവസായ പങ്കാളികളുമായുള്ള ബന്ധം അതിന്റെ വികസനപാതയെ മെച്ചപ്പെടുത്തുന്നു. ഇന്ത്യക്ക് അകത്തും പുറത്തുമായി വ്യാപിച്ചു കിടക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ ആഗോള പ്രൊഫഷണൽ മേഖലകളിൽ കോളേജിന്റെ പേര് അഭിമാനപൂർവ്വം രേഖപ്പെടുത്തുന്നു.

# Career Guidance & Placement Training



























## FOCUS - PMGC Platform for Civil Service Aspirants



## Placement Registration & Job Orientation with District Employability Centre



# CLUB ACTIVITIES...

## NSS & Bhoomithrasena
























# Nature Study Camp NSS & Bhoomithra Sena Club




















# Women's Cell & Jeevani
























എൽ.പി. യു.പി. ഹൈസ്കൂൾ
വിദ്യാർത്ഥികൾക്കായി 2025 ഡിസംബർ 6 ന്
നടത്തിയ അഖില കേരള ചിത്രരചനാ മത്സരത്തിൽ
500ൽ പരം കുട്ടികൾ പങ്കെടുത്തു.
എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനവും
സർട്ടിഫിക്കറ്റും വിതരണം ചെയ്തു.
വിജയികൾക്ക് സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ
സമാപന വേദിയിൽ ട്രോഫിയും ക്യാഷ്പ്രൈസും നൽകി.

# “മൊഴി” Golden Jubilee Inter Collegiate Elocution Competition






Aleena Francis - 1st Position
St. Mary's College, Thrissur





Muhammed Shameem A P - 2nd Position
Haiser Advanced Studies, Thiruvalla





Aarati Padma - 3rd Position
Little Flower College, Guruvayour



# QUIZ Competition @50


























## Budget Quiz - 2025








കലാധ്വനി
Arts
Fest
ഇന്തിഫാദ
ARTS
INAUGURATION
UNION
INAUGURATION
@COLLEGE AUDITORIUM
STAGE 1
ഭാവം

# കായികപ്പെരുമ

sports fest






























sports fest

# Academic Endeavour




ètude the Multi Disciplinary Peer reviewed Research Journal published by IQAC (Internal Quality Assurance Cell) Panampilly Memorial Government College, Since 2015. It has published 5 volumes with ISSN No: 2394- 6482. In this Golden Jubilee Year we have published and released its 7 Combined volumes.















# സുവർണ്ണ നേട്ടങ്ങൾ...




മികച്ച പച്ചത്തുരുത്ത്, സംസ്ഥാനതലം, മൂന്നാം സ്ഥാനം
(ഹരിതകേരളം മിഷൻ)



മികച്ച പച്ചത്തുരുത്ത്, ജില്ലാതലം
രണ്ടാം സ്ഥാനം
(ഹരിതകേരളം മിഷൻ)



Successful Alumni Nikhila B.B appointed as Asst. Professor of Mathematics




Successful Alumni Secured CA








ഭൂമിത്രസേന ക്ലബ്
ഉപന്യാസ മത്സര വിജയി

ഭൂമിത്രസേന ക്ലബ്
ഉപന്യാസ മത്സര വിജയി

## ഡോക്ടറേറ്റ് ബിരുദം നേടിയ അധ്യാപകർ



**Dr. Thomas Mathew**
Ph.D in Economics



**Dr. Asha Carol Antony**
Ph.D in Political Science



**Dr. Motty Joseph**
Ph.D in Commerce



**Dr. Reshmi K.S.**
Ph.D in English



**Dr. Tessy Paul**
Ph.D in Physics

## JRF ഓടുകൂടി NET കരസ്ഥമാക്കിയ വിദ്യാർത്ഥികൾ




**Lakshmi N B**
Malayalam





**Abhirami Aravindakshan**
Mathematics





**Suraj Suresh**
Mathematics




**Yadhukrishnan K S**
Mathematics


Onam
പൊലിക
PRESENTS
FREEDOM HALL


xmas vibes

# ചരിത്രം



മലയാള മനോരമ
സുവർണ ജൂബിലി നിറവിൽ പനമ്പിള്ളി ഗവ. കോളജ്
50-ാം വർഷത്തിൽ 50 പരിപാടികൾ
മാതൃഭൂമി
സുവർണജൂബിലി നിറവിൽ പനമ്പിള്ളി കോളേജ്
മലയാള മനോരമ
ാലക്കുടി പനമ്പിള്ളി
വ. കോളജിൽ
സെമിനാർ സംഘടിപ്പിച്ചു
മലയാള മനോരമ
ഖില കേരള
സംഗ മത്സരം
https://forms.gle/
8CW8Jae2QDc9 എന്ന ലിങ്ക്
റജിസ്ട്രേഷൻ പൂർത്തിയാ
3000, 1500, 1000 രൂപ
ലഹരിവിമുക്ത ബോധവൽക്കരണ സെമിനാർ നടത്തി
മികച്ച പ്രകടനം -മന്ത്രി ആർ. ബിന്ദു
മലയാള മനോരമ
ചാലക്കുടി പനമ്പിള്ളി ഗവ. കോളജ് സുവർണജൂബിലി: ചിത്രരചനാ മത്സരം നടത്തി
മലയാള മനോരമ
ച്ചത്തുരുത്ത്' പ്രതീക്ഷകൾ
സുവർണ ജൂബിലി നിറവിൽ ചാലക്കുടി ഗവ. കോള

# മഷിത്താളിൽ









## ാലക്കുടി പനമ്പിള്ളി കോളജിൽ ർഗസംവാദം നടത്തി

## ക്വിസ് മത്സരം വള്ളി കോളജ് ജേതാക്കൾ



## സ്കൂൾ മതിലിലും കാണാം, വാഴച്ചാലിന്റെ പ്രകൃതിഭംഗി






## പനമ്പിള്ളി ഗവ.കോളജിൽ രാജ്യാന്തര സെമിനാർ നടത്തി

## തുരുത്ത് പുരസ്കാരം പനമ്പിള്ളി കോളജ് ഏറ്റുവാങ്ങി

മാതൃഭൂമി









പനമ്പിള്ളി ഗവ. കോളജ് സുവർണ ജൂബിലി

## ഇന്റർ കൊളീജിയറ്റ് ഫുട്ബോളിന് തുടക്കം



## ഞ്ഞീർത്തട ദിനാചരണവും ാഡ്ഗിൽ അനുസ്മരണവും

മാതൃഭൂമി

## ക്ഷരോത്സവത്തിന് തൃശ്ശൂരിൽനിന്ന്




# പനമ്പിള്ളി സമൂഹത്തിലേക്ക്

























# Remarkable Moments




Meet the Collector @ Collector's Chamber
























Menstrual Cup Distribution
Women's Cell








National Enviornment Summit 2026





Study tour Physics Solar Observatory
Kodaikanal

















# സുവർണ്ണ ജൂബിലി
## ആഘോഷങ്ങളുടെ സമാപനം

സുവർണ്ണ ജൂബിലി വർഷമായ 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കോളേജ് നടത്തിയ നിരവധി അക്കാദമിക് അക്കാദമികേതര പരിപാടികളിൽ സ്കൂൾ തലം മുതൽ സർവ്വകലാശാല തലം വരെയുള്ള കേരള സമൂഹത്തെ പങ്കെടുപ്പിക്കാൻ സാധിച്ചു. ഒരു വർഷം നീണ്ടു നിന്ന ആഘോഷ പരിപാടികളുടെ സമാപനം ഏറെ മനോഹരമായി നടത്തുകയുണ്ടായി. 2026 മാർച്ച് 2 ന് പ്രൊഫ.(ഡോ.) ഷാജു കെ.എസ് ന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ശ്രീ.സേതുരാമൻ കെ. IPS (ഐ.ജി & ഡയറക്ടർ ഓഫ് പോലീസ് അക്കാദമി, തൃശ്ശൂർ) ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശസ്ത എഴുത്തുകാരിയും, നാടക പ്രവർത്തകയുമായ ഡോ.സജിത മഠത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. പ്രശസ്ത സാഹിത്യകാരനായ പ്രൊഫ.വത്സലൻ വാതുശ്ശേരി സുവർണ്ണ ജൂബിലി സ്മരണിക പ്രകാശനം ചെയ്തു. മലയാള വകുപ്പിൽ നിന്ന് വിരമിക്കുന്ന ഡോ. അജയകുമാർ എസ്.എസ് നുള്ള ആദരമായി കോളേജ് പുറത്തിറക്കിയ പുതുവൈദ്യുകളുടെ ആകാശം എന്ന പുസ്തകത്തിന്റെ കവർപേജ് പ്രകാശനം നടത്തി. വൈസ് പ്രിൻസിപ്പൽ ശ്രീ.ആൽബർട്ട് ആന്റണി സ്വാഗതം ആശംസിച്ച പ്രസ്തുത ചടങ്ങ് സവിശേഷമായ ചില മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. പനമ്പിള്ളി ഒരു ജൂനിയർ കോളേജായി വർഷങ്ങൾക്ക് മുൻപ് പോട്ടയിൽ ആരംഭിക്കുമ്പോൾ തങ്ങളുടെ ഭൂമി ദാനം ചെയ്ത നല്ലവരായ സുമനസ്സുകളെ ആദരിക്കുന്നതിനായിരുന്നു അത്.

ശ്രീകുമാരൻ (മണി സ്വാമി – പോട്ട മഠത്തിൽ വീട്) -7 ഏക്കർ, ഫ്രാൻസിസ് കൊള്ളന്നൂർ – 4 ഏക്കർ, വർഗീസ് വെളിയത്ത് – 5 ഏക്കർ, ശിവദാസൻ കുന്നുമ്മൽ -1 ഏക്കർ, പുല്ലൻ വെറോനിക്ക – 1 ഏക്കർ, കൊല്ലാ വിലാസിനി – 60 സെന്റ്, തട്ടിൽ വാസു – 48 സെന്റ്, ചാലിശ്ശേരിൽ വിജയൻ – 28 സെന്റ് , ചാലിശ്ശേരിൽ സരോജിനി, തെക്കേൽ തങ്കപ്പൻ, തെക്കേൽ മണി, ജോർജ് മാഞ്ഞൂരാൻ, ജോസ് മാഞ്ഞൂരാൻ, ചാലക്കൽ മണിച്ചേട്ടൻ, ചിറയത്ത് ജോണി എന്നിവരെ ചടങ്ങിൽ ആദരിച്ചു. അതോടൊപ്പം പനമ്പിള്ളിയുടെ വളർച്ചയിൽ എന്നും കൂടെ നിന്ന , വിദ്യാർത്ഥികൾക്ക് ജൈവ കൃഷി രീതികളെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പാഠങ്ങൾ പകർന്നു നൽകിയ തുമ്പത്തിൽ ശിവദാസൻ ചേട്ടനെ ആദരിച്ചു.

വൈദ്യുതി, പ്രകാശ സംബന്ധമായ എല്ലാ ആവശ്യത്തിനും വിളിപ്പുറത്തുള്ള മനോഹരൻ എം.ആർ., ഇലക്ട്രീഷ്യനും പ്ലംബറുമായ സോണി എം.പി., വിദ്യാർത്ഥിനികൾക്കും അധ്യാപികമാർക്കും ഭയമേതുമില്ലാതെ യാത്ര ചെയ്യാൻ സഹായം ചെയ്യുന്ന ഓട്ടോ ഡ്രൈവർ ആയ സുനിൽ കെ.എസ്., പനമ്പിള്ളിയുടെ വിശപ്പകറ്റുന്ന ബാബു സി.എ. (പാപ്പൻ ചേട്ടൻ) എന്നിവരെയും ചടങ്ങിൽ ആദരിക്കുകയുണ്ടായി. അഖില കേരള ചിത്രരചനാ മത്സര വിജയികൾക്ക് വേദിയിൽ പുരസ്കാരവും ക്യാഷ് പ്രൈസും വിതരണം ചെയ്തു.

**വിജയികൾ:-**

**LP Section**

1. ശിവജിത് N.S. ശ്രീരാമകൃഷ്ണ വിദ്യാനികേതൻ, നന്തിക്കര
2. അഫിൻ ഹാതിം – സി. കെ. എം. എൻ. എസ്. എസ്. ചാലക്കുടി
3. അനയ A.S. എസ്. എച്ച്. സി. ജി. എൽ. പി. എസ്. ചാലക്കുടി

**UP Section**

1. ജെസ്വിൻ മനോജ് ജോസ് – കെ. ഇ. സി. യു. പി. എസ്. പോട്ട
2. കൃഷ് ടി.സുധീഷ് – സി. കെ. എം. എൻ. എസ്. എസ്. ചാലക്കുടി
3. ശ്രേയാസ് ടി.എസ് – കുലപതി മുൻഷി ഭവൻസ് വിദ്യാമന്ദിർ, പോട്ടർ

**HS Section**


1. മിത്ര വിദ – സെന്റ് ജോൺ ബോസ്കോ ഗേൾസ് ഹൈസ്കൂൾ, കൊടകര
2. ആൽവിൻ ആൽജോ – സി. കെ. എം. എൻ. എസ്. എസ്. ചാലക്കുടി
3. അഖിൽ സി.എസ്. – എൽ. ബി. എസ്. എം. ഹയർ സെക്കന്ററി സ്കൂൾ, അവിട്ടത്തൂർ

മികച്ച വായനക്കാരി (സുവർണ്ണജൂബിലി വർഷം): ശ്യാമ പി.എസ്. (ഗവേഷക വിദ്യാർത്ഥി വിഭാഗം) ന് പുരസ്കാരം നൽകി., ശ്രീമതി നീന ജോബിസ് (വാർഡ് കൗൺസിലർ), ശ്രീ നിധിൻ പുല്ലൻ (വാർഡ് കൗൺസിലർ), ശ്രീമതി ഷിഫാ സന്തോഷ് (വാർഡ് കൗൺസിലർ), ശ്രീമതി അജി പോൾ (പി.ടി.എ വൈസ് പ്രസിഡന്റ്), അഡ്വ. ഷാജു എം.ഡി. (പ്രസിഡന്റ്, പൂർവ്വ വിദ്യാർത്ഥി സംഘടന), മുജീബ് റഹ്മാൻ (കോളേജ് യൂണിയൻ ചെയർ പേഴ്സൺ), എന്നിവർ ആശംസകളർപ്പിച്ചു. റൈഫിറ്റ് അധ്യാപകരും അനധ്യാപകരും, വിദ്യാർത്ഥികളും ചേർന്നുള്ള കലാസന്ധ്യ അവിസ്മരണീയമായ അനുഭവമായി. പൂർവ്വ അധ്യാപകരെയും, അനധ്യാപകരെയും, വിദ്യാർത്ഥികളെയും, നാട്ടുകാരെയും ഉൾപ്പെടുത്തി നടത്തിയ സമാപന സമ്മേളനം ആദ്യന്തം അവിസ്മരണീയമായി. വൈസ് പ്രിൻസിപ്പൽ ആൽബർട്ട് സാറും, ഇക്കണോമിക്സ് വിഭാഗം അധ്യാപികയായ രത്നകുമാരി ടീച്ചറും ചേർന്ന് വന്നു ചേർന്ന എല്ലാ അതിഥികൾക്കും, കോളേജിലെ മുഴുവൻ കുട്ടികൾക്കും സുവർണ്ണ ജൂബിലി ലോഗോ കൂടിയ പരിസ്ഥിതി സൗഹൃദ ബാഗ് വിതരണം ചെയ്തത് മറ്റൊരു സുന്ദരമായ കാഴ്ചയായി.

കോളേജിന്റെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് പൂർവ്വ വിദ്യാർത്ഥി സംഘടന ഒരു മഹാസംഗമം നടത്തി. നിരവധി പേർ പങ്കെടുത്ത പരിപാടിയിൽ പൂർവ്വ അധ്യാപകരെ ആദരിക്കുകയുണ്ടായി. കൂടാതെ വിവിധ കലാ പരിപാടികളും അരങ്ങേറി.



# ആദരവ്



















# പൊൻതൂവൽ

## ചിത്രരചനാ മത്സരവിജയികൾ









# നന്ദി!

ചാലക്കുടിയുടെ ഹൃദയ താളമായി ആത്മാവിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്ന പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് അതിന്റെ സ്മൃതി പഥത്തിൽ പൊൻ പെരുമ താണ്ടുമ്പോൾ... അഭിമാനപൂർവ്വം ഈ ചരിത്ര മുഹൂർത്തം കാലക്കുറിപ്പുകളിൽ ജീവനായി തുടിക്കുമ്പോൾ... അഭിമാനിക്കാൻ ഏറെയുണ്ട്. അടയാളപ്പെടുത്താൻ അനേകം ഉണ്ട്. പനമ്പിള്ളി അതിന്റെ വളർച്ചയുടെ നാൾവഴികളിൽ അടയാളപ്പെടുത്തിയ സുവർണ്ണരേഖ 'പഠനം' താളുകളിൽ ഒതുങ്ങുന്നതല്ല! വിദ്യാഭ്യാസം ആത്മാർത്ഥമായി എടുത്ത വിദ്യാർത്ഥികളും അധ്യാപനം മഹനീയ സേവനമായി കരുതിയ കലാലയത്തിലെ അധ്യാപകരും ഈ കലാലയത്തിന്റെ മാതാ പിതാക്കളും ജീവനക്കാരും വർഷങ്ങളോളം പ്രയത്നിച്ചതിന്റെ ഫലമാണ് ഇന്നു കാണുന്ന ഈ കോളേജ്. ഈ പ്രയത്നത്തിൽ പങ്കാളികളായ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. അൻപതാണ്ടിന്റെ പാരമ്പര്യവും വിശ്വാസവും നൽകിയ കരുത്തിന്റെ പൈതൃക സ്മരണയിൽ നെയ്തെടുത്ത സുവനീർ നിങ്ങൾക്കു മുമ്പിൽ അഭിമാനത്തോടെ നന്ദിപൂർവം സമർപ്പിക്കുന്നു...

ജ്ഞാനവും സ്നേഹവും ധൈര്യവും കരുത്തും ഊർജ്ജവും പ്രസരിപ്പിച്ച ഭാവിയിലെ പ്രബുദ്ധ തലമുറയെ വളർത്തിയെടുത്ത ഈ കലാലയത്തിന്റെ ഇടനാഴികളിൽ ഉയർന്നു കേൾക്കുന്ന ജീവതാളം ഹർഷോന്മാദത്തോടെ അടക്കിപ്പിടിച്ചു കിടക്കുന്ന ഈ ചരിത്രതാളുകൾ ഓരോന്നും വിജയമുദ്രകളാണ്..

ത്യാഗോജ്ജ്വലമായ സമർപ്പിത സേവനത്തിന്റെ തെളിയിക്കുന്ന ഫലങ്ങളാണ്..

പല കാലങ്ങളിൽ പലർക്കുള്ള സ്വപ്നങ്ങളുടെ സാക്ഷാത്കാരങ്ങളാണ്..

ഓർമ്മയുടെ മർമ്മരങ്ങളാണ്..

അക്കാദമിക് ചലനങ്ങളാണ്...

കലാകായിക ജീവിതമാണ്...

അൻപതാണ്ടിന്റെ നിറഞ്ഞ സന്തോഷത്തിന് അർത്ഥം നൽകിയ പനമ്പിള്ളിയുടെ മോഹിപ്പിക്കുന്ന പരിസ്ഥിതി സൗന്ദര്യമേ.. ഭൂതകാലത്തിലെയും, വർത്തമാനകാലത്തിലെയും വിദ്യാർത്ഥികളെ, അധ്യാപകരെ, ജീവനക്കാരെ... ഈ സുവനീറിന് മികച്ച പിന്തുണ നൽകി കൂടെ നിന്ന അധ്യാപകർക്ക് .. നിർദേശങ്ങളും കുറിപ്പുകളും ചിത്രങ്ങളും പകർന്നു നൽകിയ സഹപ്രവർത്തകർക്ക് ... കുട്ടികൾക്ക്.. ഈ സുവനീറിന്റെ വഴികളിൽ നിശബ്ദ ശക്തികളായി നിന്നിരുന്ന എല്ലാവർക്കും നന്ദി!

ഇനിയും നടക്കേണ്ട വഴികളെക്കുറിച്ച് സ്മരിക്കാൻ, വരാനിരിക്കുന്ന വലിയ ഭാവി പ്രതീക്ഷകളിലേക്ക് സ്വപ്നങ്ങളിലേക്ക് കൈപിടിച്ച് നടക്കാൻ ഈ സുവനീർ പ്രചോദനമാകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ് !

വരാനിരിക്കുന്ന കാലങ്ങളുടെ സ്മൃതി പഥത്തിലേക്ക് സമർപ്പിത സേവനത്തിന്റെ പാതയിൽ കനകലിപിയിൽ ഞങ്ങൾ കുറിച്ചിടട്ടെ..

കൃതജ്ഞതയുടെ അക്ഷരകുസുമങ്ങൾ...



# കലാസന്ധ്യ
















## PANAMPILLY MEMORIAL GOVERNMENT COLLEGE

**CHALAKUDY**

Potta PO, Thrissur District, Kerala - 680722

Phone: 0480 2701636 - Email: pmgeprincipal@gmail.com

Accredited by NAAC with 'B' Grade

Affiliated to University of Calicut